**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370

**വാർത്താക്കുറിപ്പ്**

**2025 ഏപ്രിൽ 5**

---

# ക്യുആർ അധിഷ്ഠിത മൂല്യനിർണയ സംവിധാനം വികസിപ്പിച്ച് എം.ജി. സർവകലാശാല

*പരീക്ഷാ മൂല്യനിർണയത്തിന്റെയും അനുബന്ധ നടപടികളുടെയും വേഗം ഗണ്യമായി വർധിപ്പിക്കുന്നതിന് ഉപകരിക്കുന്ന ക്യൂആർ അധിഷ്ഠിത ഓൺ സ്ക്രീൻ സംവിധാനം സ്വന്തമായി വികസിപ്പിച്ച് എം.ജി സർവകലാശാല. രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാന്റെ(റൂസ) സാമ്പത്തിക പിന്തുണയോടെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ പ്രോജക്ട് ടീം തയ്യാറാക്കിയ സാങ്കേതിക വിദ്യ ഓണേഴ്സ് ബിരുദ(എംജിയു-യുജിപി) പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പുനർമൂല്യനിർണയത്തിനായി ഉപയോഗിക്കുന്നുണ്ട്.*

*മൂല്യനിർണയം ഉൾപ്പെടെയുള്ള നടപടികളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും ചിലവ് കുറയ്ക്കുന്നതിനും ഇത് സഹായകമാകും.*

*ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ(എംജിയു-യുജിപി) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ പുനർ മൂല്യനിർണയം ഹോം വാല്യുവേഷൻ മാതൃകയിലായതിനാലാണ് പുതിയ സംവിധാനം ആദ്യമായി ഉപയോഗിച്ചത്. റൂസ പ്രോജക്ട് ടീം, മൂല്യനിർണയം നടത്തുന്ന അധ്യാപകർ, സർവകലാശാല ജീവനക്കാർ, സാങ്കേതിക ടീം അഗങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയായിരുന്നു നടപടികൾ.*

*ആദ്യ പടിയായി വിദ്യാർഥികൾക്ക് ഉത്തരകടലാസുകൾ കണ്ട് പുനർ മൂല്യനിർണയത്തിന് അല്ലെങ്കിൽ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിക്കുന്നതിന് അവസരമൊരുക്കി. തുടർന്ന് അധ്യാപകരുടെ സ്ഥിതിവിവരക്കണക്കുകൾ അടിസ്ഥാനമാക്കി മൂല്യനിർണയത്തിന് ക്രമീകരണമേർപ്പെടുത്തി. അധ്യാപകർ ലോഗിൻ ചെയ്താൽ തങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തരക്കടലാസുകൾ കണ്ട് മൂല്യനിർണയം നടത്താൻ കഴിയുന്ന രീതിയിലാണിത്.*

*മൂല്യനിർണയത്തിനുള്ള ഉത്തരക്കടലാസുകളുടെ ക്രമീകരണം, വിതരണം എന്നിവ ഓട്ടോമേറ്റഡ് സംവിധാനത്തിലേക്ക് മാറാൻ പുതിയ സംവിധാനം സഹായകമാകും. ഇതിന്റെ ഭാഗമായി മൂല്യനിർണയം നടത്തുന്ന അധ്യാപകർക്കായി മൊബൈൽ റെസ്പോൺസീവ് ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. സർവകലാശാലയുടെ നിലവിലെ*

*നയങ്ങൾക്കു വിധേയമായിത്തന്നെ മൂല്യനിർണയത്തിന്റെ വേഗം കൂട്ടാനാണ് ശ്രമിക്കുന്ന തെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

*സിൻഡിക്കേറ്റിന്റെ തീരുമനത്തിന് വിധേയമായി അടുത്ത വർഷം മുതൽ ക്യുആർ അധിഷ്ഠിത ഓൺ സ്ക്രീൻ മൂല്യനിർണയം പൂർണ തോതിലാക്കുന്നത് പരിഗണിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.*

*(പി.ആർ.ഒ/39/1462/2025)*

## ഫീൽഡ് വർക്കർ; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ(എഎൻആർഎഫ്) പ്രോജക്ടിൽ ഫീൽഡ് വർക്കർ തസ്തികയിലെ ഒരു താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രാവീണ്യമുള്ള ബിരുദാനന്തര ബിരുദ ധാരികളെയാണ് പരിഗണിക്കുന്നത്.*

*ഡാറ്റാ അനാലിസിസ്, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയിലെ പ്രവൃത്തിപരിചയം അധിക യോഗ്യതയായി പരിഗണിക്കും. താത്പര്യമുള്ളവർ അപേക്ഷയും ബയോഡേറ്റയും* serbqss@mgu.ac.in *എന്ന ഇമെയിലിലേക്ക് ഏപ്രിൽ ഒൻപതിന് വൈകുന്നേരം അഞ്ചിനു മുൻപ് അയയ്ക്കണം.*

*(പി.ആർ.ഒ/39/1463/2025)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ എൽഎൽഎം ബ്രാഞ്ച് 1: കൊമേഴ്സ്യൽ ലോ, ബ്രാഞ്ച് 2 ക്രിമിനൽ ലോ, ബ്രാഞ്ച് 3 മാരിടൈം ലോ (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി), ബ്രാഞ്ച് 1: കൊമേഴ്സ്യൽ ലോ, ബ്രാഞ്ച് 2: ക്രിമിനൽ ലോ(2021അഡ്മിഷൻ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 19 വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

.................

*മൂന്നാം സെമസ്റ്റർ എംഎസ്സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.*

*പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അട*

*ച്ച് ഏപ്രിൽ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1464/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിവോക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ബിവോക് ഫാഷൻ ടെക്നോളജി, ബിവോക് ഫാഷൻ ടെക്നോളജി ആന്റ് മർച്ചൻഡൈസിംഗ്(2022 അഡ്മിഷൻ റഗുലർ, 2018 മുതൽ- 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 21 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*...............*

*ആറാം സെമസ്റ്റർ ബിഎസ്സി ജിയോളജി, ജിയോളജി ആന്റ് വാട്ടർ മാനേജ്മെന്റ് സിബിസിഎസ്(പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 23 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1465/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ